ശ്രീ. ഈ. പി. പൗലോസ് : സ്പെഷ്യൽ പെർമിറ്റ് കൊടുക്കാൻ പാടില്ലെന്ന പറഞ്ഞിട്ടില്ല. ഉദ്യോഗസ്ഥന്മാരുടെ യുക്തം അനുസരിച്ച കൊടുക്കും.

ശ്രീ. ഈ. പി. ഗോപാലൻ : കഴിഞ്ഞകൊല്ലവും ഈക്കൊല്ലവുമായിട്ട് ഒരു പ്രത്യേകതരം അരിക്ക് (പാലക്കാട്ട പട്ട) കഴിഞ്ഞകൊല്ലം നാല്പതു്, നാല്പപ്പത്തിഒന്നു രൂപ ചാക്കിനു വിലയുണ്ടായിരുന്നതു് ഇപ്പോൾ 51 രൂപയായി കയറിയിട്ടുണ്ട് എന്നുള്ളതിനെ പരിഗണിച്ച് പാലക്കാട്ട ജില്ലയിൽ കൂടുതൽ ഫെയർ പ്രൈസ് ഷാപ്പുകൾ അനുവദിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ഈ പി. പൗലോസ് : അടുത്തകാലത്തായി കുറെ കൂടുതൽ കടകളൊക്കെ അനുവദിച്ചുകൊടുത്തിട്ടുണ്ട്. മുമ്പ് അവിടെ ന്യായവിലഷാപ്പുകൾ വേണ്ടായെന്ന പറഞ്ഞിട്ടുള്ളതാണു്. എന്നാൽ ഈ അടുത്തദിവസം കുറെ ന്യായവിലഷാപ്പുകൾ അനുവദിച്ചു.

ശ്രീ. പി. ബാലചന്ദ്രമേനോൻ : പ്ലാന്റേഷൻസിലും വ്യവസായശാലകളിലുംഉള്ള തൊഴിലാളികളുടെ ആവശ്യത്തിനായി ഫെയർ പ്രൈസ് ഷാപ്പുകൾ തുടങ്ങുന്നതിനാവശ്യമായ അരിയും മറ്റു സാധനങ്ങളും വിതരണം ചെയ്യുന്നതിനു് ഗവണ്മെന്റു ശ്രമിക്കുമോ ? ഗവണ്മെന്റിൽനിന്നും അങ്ങനെയുള്ള സഹായം കിട്ടാതെ അവർക്ക് ഇങ്ങനെ കൺസ്യൂമർ സൊസൈറ്റീസ് സ്ഥാപിക്കാൻ സാധിക്കുകയില്ലെന്നു് ഏ. പി. കെ. ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടെന്നു പറയുന്നതു ശരിയാണോ ?

ശ്രീ. ഈ. പി. പൗലോസ് : മലയാളം പ്ലാന്റേഷൻസിനെ സംബന്ധിച്ചിടത്തോളം അവരുടേതായിട്ടുള്ള കടകൾ അവർ നടത്തുന്നുണ്ട്. മറ്റു പ്ലാന്റേഷൻസിന്റെ കാര്യത്തെപ്പറ്റി ഗവണ്മെന്റു് എന്തു സഹായം തരുമെന്നുള്ളതെല്ലാം സംബന്ധിച്ച് ക്ലാറിഫിക്കേഷൻ ഗവണ്മെന്റിനോട് ചോദിച്ചിരിക്കുകയാണു്, ഗവണ്മെന്റിൽനിന്നും ഫൈനാൻഷ്യൽ അസിസ്റ്റൻസുകൊടുക്കുന്ന കാര്യം ഇൻഡ്യാഗവണ്മെന്റു സമ്മതിച്ചിട്ടില്ല. നാം അയച്ച പ്രൊപ്പോസൽസ് എല്ലാം ഗവണ്മെന്റു് ആഫ് ഇൻഡ്യാ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ അവയൊന്നംതന്നെ മറ്റു സ്റ്റേറ്റുകൾ അംഗീകരിച്ചിട്ടില്ല. അക്കാര്യം ഇപ്പോൾ എഴുത്തുകുത്തിലിരിക്കയാണു്.

ശ്രീ. എൻ. ഈ. ബലറാം : ഫാക്ടറികൾക്ക് അസിസ്റ്റൻസ് ഒന്നും കിട്ടാത്തതുകൊണ്ട് കടകൾ തുടങ്ങാൻ സാദ്ധ്യമല്ലെന്നു് ഗവണ്മെന്റിനെ അറിയിച്ചിരിക്കെ ഗവണ്മെന്റുതന്നെ താൽക്കാലികമായിട്ട മുന്നൂറിലധികം തൊഴിലാളികൾ ജോലിചെയ്യുന്ന വ്യവസായസ്ഥാപനങ്ങളിൽ ന്യായവിലഷാപ്പുകൾ തുറന്നു് അവർക്ക് അരി കൊടുക്കാൻവേണ്ടിയുള്ള നടപടികൾ അടിയന്തിരമായി ആലോചിക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : കൺസ്യൂമർ കോ ഓപ്പറേറ്റീവ് സൊസൈറ്റികൾ ഗവണ്മെന്റിന്റെ ഉടമയിലുള്ള എല്ലാ വ്യവസായസ്ഥാപനങ്ങളിലും സ്ഥാപിച്ചുകഴിഞ്ഞു. അതു കൂടാതെ പ്രൈവറ്റുടമയിലുള്ള വ്യവസായസ്ഥാപനങ്ങളിൽ ഗവണ്മെന്റിൽനിന്നു നേരിട്ടുതന്നെ ഇതു സ്ഥാപിച്ചു നടത്താൻ ബുദ്ധിമുട്ടുണ്ട്. ഇൻഡ്യാഗവണ്മെന്റു് എന്തെങ്കിലും അസിസ്റ്റൻസു തരികയാണെങ്കിൽ അതുചെയ്യാം. എന്നാൽ അതു തരുമോ എന്നുള്ളകാര്യം സംശയമാണ്. അതുകൊണ്ട് കൂടുതലായിഎന്തെങ്കിലും ചെയ്യാൻനിവൃത്തിയില്ല.

ക്യാമ്പുഷെഡ്ഡുകൾ

* 959. [23] ശ്രീ. എം. ഏ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പണി പൂർത്തിയായ എത്ര ക്യാമ്പുഷെഡ്ഡുകൾ പൊതുജനങ്ങളുടെ ഉപയോഗത്തിനു തുറന്നുകൊടുക്കാത്തതായുണ്ട് ;

(ബി) അങ്കമാലിയിലെ ക്യാമ്പുഷെഡ്ഡിന്റെ പണി എന്നാണ് പൂർത്തിയായതു് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതേവരെ അതു തുറന്നുകൊടുക്കാത്തതിന്റെ കാരണമെന്തു് ;

(ഡി) അതിന്നാവശ്യമായ ഫർണീച്ചർ, വാച്ചുമാൻ മുതലായ കാര്യങ്ങൾ ഇതെവരെ അനുവദിക്കാതിരിക്കുന്നതിന്റെ കാരണമെന്താണു് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) ഒന്നുമില്ല.

(ബി) മുഴുവൻ പണിയും പൂർത്തിയായിട്ടില്ല. ഔട്ടു് ഹൗസു്, വാച്ചു് മെൻ കോർട്ടേഴ്സു് ഇവയുടെ പണി നടക്കുന്നതേയുള്ളു.

(സി) പണിമുഴുവൻ പൂർത്തിയാകാത്തതുകൊണ്ടു് ;

(ഡി) ഫർണീച്ചറിനു ടെണ്ടർവിളിച്ചിരുന്നുവെങ്കിലും ടെണ്ടർ നല്ലാൻ ആളുണ്ടായിരുന്നില്ല. ഇപ്പോൾ കോട്ടേഷൻ വിളിച്ചു ഫർണീച്ചർ ഏർപ്പാടു ചെയ്യുന്നതിനു നടപടികളെടുത്തുവരുന്നു. പണി പൂർത്തിയാകുന്നതോടുകൂടി വാച്ചുമാനെ നിശ്ചയിക്കുന്നതാണു്.

ശ്രീ. പി. വിശ്വംഭരൻ : കെട്ടിടം പണി പൂർത്തിയായി കഴിഞ്ഞാൽ പോലും അതു പൊതുജനങ്ങളുടെ ഉപയോഗത്തിനായി തുറന്നുതൊടുക്കുന്നതിനു വളരെ ഏറെ കാലതാമസം വരുന്നുണ്ടു്. ഇപ്പോഴും കോട്ടയത്തു അങ്ങനെ പണി പൂർത്തിയായിട്ടുള്ള കെട്ടിടം വിട്ടുകൊടുത്തിട്ടില്ല. ഈ കെട്ടിടങ്ങളുടെ എസ്റ്റിമേറു തയാറാക്കുമ്പോൾ അതു പൂർത്തിയായികഴിഞ്ഞാൽ അതിനാവശ്യമുള്ള കിച്ചൻ സൗകര്യവും, സാനിട്ടറി അറേഞ്ചുമെൻറും ഇലക്ട്രിഫിക്കേഷന്റെ കാര്യവും കൂടി ആ എസ്റ്റിമേറിൽ ഉൾപെടുത്തുന്നതിനു തയാറാകുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെ വേണമെന്നാണു് ഇപ്പോൾ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. സാനിട്ടറി ഫിറ്റിംഗ്സും, എലക്ട്രിഫിക്കേഷനും ഫർണീച്ചറും എല്ലാം ഉൾക്കൊള്ളിക്കണം എന്നാണു് വ്യവസ്ഥചെയ്തിരിക്കുന്നതു്.

ഡാക്ടർ കെ. എം. ചാക്കോ : അങ്കമാലിയിൽ ഇപ്പോൾ പണിതിട്ടുള്ള ക്യാമ്പു ഷെഡ്ഡിനു രണ്ടു മുറികളും മാത്രമേയുള്ളു. അതു കുറെ കൂടി വികസിപ്പിക്കുന്നതിനു വേണ്ട നടപടികളെടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : പല ഗസ്റ്റുഹൗസുകളിലും ഇന്നുള്ള സൗകര്യങ്ങളും പോരാ എന്നു ഗവണ്മെൻറിനറിയാം. ഈ സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നകാര്യം ഗവണ്മെൻറു പരിഗണിക്കുന്നതാണു്.

ശ്രീ. കെ. ആർ. വിജയൻ : അങ്കമാലിയിൽ ഇപ്പോൾ ഉള്ള ടി.ബി. ഇതുവരെ ഉപയോഗത്തിനായി വിട്ടുകൊടുക്കാതിരിക്കുന്നതുകൊണ്ടും, ഇപ്പോൾ താമസിക്കാനുള്ള സൗകര്യമില്ലാതിരിക്കുന്നതുകൊണ്ടും, കൂടുതൽ സൗകര്യമുള്ള ഒരു കെട്ടിടം വാടകയ്ക്കു് എടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഒന്നരരണ്ടുമാസത്തിനകം അതുജനങ്ങളുടെ ആവശ്യത്തിനുവേണ്ടി തുറന്നുകൊടുക്കാൻ സാധിക്കുമെന്നാണു് ഗവണ്മെൻറു വിചാരിക്കുന്നതു്.

ശ്രീ. സി. എ. മാത്യു : ഇടുക്കി സ്കീം ഇപ്പോൾ പ്രവർത്തനത്തിൽ വരുന്നതുകൊണ്ടു തൊടുപുഴയിൽ ഉള്ള ടി. ബി. യിൽ ആളുകൾക്കു ഇപ്പോൾ താമസിക്കുന്നതിനു വളരെ അസൗകര്യമുണ്ടു്. ആ നിലയ്ക്കു തൊടുപുഴ ടി. ബി. വികസിപ്പിക്കുന്നതിനെ സംബന്ധിച്ചു അതിന്റെ ആവശ്യത്തെ മുൻനിറുത്തി അവിടെ അഡീഷണലായിട്ടു ആറോ, ഏഴോ മുറികൾ കൂടി കെട്ടുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഞാൻ നേരത്തെ പറഞ്ഞതുപോലെ പല സ്ഥലങ്ങളിലും ഇന്നു താമസ സൗകര്യങ്ങളും പോരാഎന്നു ഗവണ്മെൻറിനറിയാം. ആ കാര്യം പരിഗണിക്കുന്ന കൂട്ടത്തിൽ തൊടുപുഴയുടെ കാര്യവും നമുക്കു പരിഗണിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : മുവാറ്റുപുഴ ടി. ബി. യിൽ ഇപ്പോഴും ജനങ്ങൾക്കു താമസിക്കുന്നതിനു വളരെ അസൗകര്യമുണ്ടു്. അതു് ഞങ്ങൾക്കും അനുഭവപ്പെട്ടിട്ടുണ്ടു്. അവിടെ ഭക്ഷണത്തിനുള്ള സൗകര്യമോ, താമസ സൗകര്യമോ ഒന്നുമില്ലാ എന്നുള്ളതിനെ പരിഗണിച്ചും, അതിന്റെ പ്രാധാന്യത്തെയും സ്ട്രാറ്റജിക്കു് ഇംപോർട്ടൻസിനേയും കണക്കിലെടുത്തു് അതിന്റെ പോരായ്മകളും പരിഹരിക്കുന്നതിനു നടപടികളെടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അതിനു സ്ട്രാറ്റജിക്കു് ഇംപോർട്ടൻസുണ്ടോ എന്നറിഞ്ഞുകൂടാ. എന്നിരുന്നാലും അക്കാര്യവും പരിഗണിക്കാം.

ശ്രീ. ഈ. പി. ഗോപാലൻ: ഈ എസ്റ്റിമേറ്റു തയാറാക്കുമ്പോൾ സാനിട്ടറി അറേഞ്ചുമെന്റിന്റെ കാര്യവും ഇലക്ട്രിഫിക്കേഷന്റെ കാര്യവും ഉൾക്കൊള്ളിക്കണമെന്നുള്ള വ്യവസ്ഥ എന്നുമുതൽക്കാണു് ചെയ്യ എന്നുപറഞ്ഞതു്. ഇപ്പോൾ മറ്റു പ്രവൃത്തികളും ഒക്കെ കഴിഞ്ഞു ഇലക്ട്രിഫിക്കേഷനും പൂർത്തിയാകുമ്പോൾ ഫർണിച്ചർ ഇല്ലാ എന്നു പറയും. അപ്പോൾ ഇതെല്ലാം ഒന്നിച്ചു വേണമെന്നുള്ള ഉത്തരവു് എന്നുമുതൽക്കു തുടങ്ങിയതാണു്. മൂന്നുനാലുകൊല്ലമായി പണി പൂർത്തിയായ കെട്ടിടത്തിൽ സാനിട്ടറി അറേഞ്ചുമെന്റും ഇലക്ട്രിഫിക്കേഷനുമെല്ലാം കഴിഞ്ഞിട്ടു് ഫർണിച്ചറില്ലാ എന്നു പറഞ്ഞു് ഇതുവരെ തുറന്നുകൊടുത്തിട്ടില്ല. അങ്ങനെയുള്ള സ്ഥലങ്ങളിൽ ഫർണിച്ചറിനു പകരം പായ് വാങ്ങിക്കൊടുത്താൽമതി. അതുപോലെതന്നെ ഈ കെട്ടിടം കെട്ടിക്കഴിഞ്ഞു് ഈ സൗകര്യങ്ങൾക്കുവേണ്ടി കാത്തുനിൽക്കാതെ നല്ല പായ് വാങ്ങിക്കൊടുക്കാൻ ഏർപ്പാടുചെയ്യുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: ഇപ്പോൾ ഈ സൗകര്യങ്ങളെല്ലാം എസ്റ്റിമേറ്റു തയാറാക്കുമ്പോൾ ഉൾപ്പെടുത്തണമെന്നാണു് തീരുമാനിച്ചിരിക്കുന്നതു്. ചിലപ്പോൾ എസ്റ്റിമേറ്റിൽ ആവശ്യമായ പണികളും എല്ലാം ഉൾക്കൊള്ളിക്കാൻ സാധിച്ചു എന്നു വരികയില്ല. മുമ്പു തയാറാക്കീട്ടുള്ള എസ്റ്റിമേറ്റുതന്നെ പുതുക്കേണ്ടതായിവരും. കാലത്തിനനുസരിച്ചു് എസ്റ്റിമേറ്റുതന്നെ റിവൈസ് ചെയ്യേണ്ടതായിവന്നിട്ടുണ്ടു്. ഈ ബുദ്ധിമുട്ടുകളും എല്ലാം പരിഗണിച്ചു് ഇതിനെല്ലാം ആവശ്യമായ പ്രവർത്തനങ്ങൾ നടത്താൻ ഗവണ്മെന്റു് ഇപ്പോൾ ശ്രദ്ധിച്ചുവരികയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : സർ, വടകരയിൽ ഇപ്പോഴുള്ള ടി. ബി. യിൽ ഒരു ഗ്യാലൺ വെള്ളംപോലും കിട്ടാൻ സൗകര്യമില്ല. അക്കാര്യത്തിൽ എന്തെങ്കിലും സൗകര്യം ചെയ്തുകൊടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: അതേസംബന്ധിച്ചു് അന്വേഷിക്കാം.

പാലങ്ങളുടെ പണി

✱ 960. [24] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു് ബഡ്ജറ്റിൽ തുക കൊള്ളിച്ചിരുന്ന ഏതു പാലങ്ങളുടെ പണി ഇനിയും ആരംഭിക്കാത്തതുണ്ടു് ; അവ ഏതെല്ലാം ;

(ബി) പനത്തുറയിലും, ഇടയാറിലും നിർമ്മിക്കുവാനുദ്ദേശിച്ചിരുന്ന Foot bridege കളുടെ പണി ഇപ്പോൾ ഏതു നിലയിലിരിക്കുന്നു ?

LIBRARY ARCHIVES Kerala Legislative Assembly